പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം: *257 — 19.06..2014 -ൽ മറുപടിയ്ക്ക്

## സാങ്കേതിക സർവ്വകലാശാലയിൽ വ്യവസായികളുടെ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. ബി. സത്യൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സാങ്കേതിക സർവ്വകലാശാല രൂപീകരണം ഏതു ഘട്ടത്തിലാണ്; | (എ) സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 2014 മേയ് 5ന് നമ്പർ.8558/ലെഗ്.ജി 2/2014/നിയമം. പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സർവ്വകലാശാലയുടെ ഘടനയ്ക്ക് മറ്റു സർവ്വകലാശാലകളിൽ നിന്ന് എന്ത് വ്യത്യാസമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഘടനയ്ക്ക് മറ്റു സർവ്വകലാശാലകളിൽ നിന്നും വ്യത്യാസമുണ്ട്. ഇതിനെ "കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല" എന്ന പേരിൽ അറിയപ്പെടുന്നതും ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ചാൻസലറും, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രോ-ചാൻസലറും, ചെയർമാൻ, വൈസ്-ചാൻസലർ, പ്രോ-വൈസ് ചാൻസലർ, ഗവേണിംഗ് ബോഡി, നിർവ്വാഹക സമിതി, അക്കാദമിക സമിതി, ഗവേഷണ കൗൺസിൽ, മറ്റ് അധികാര സ്ഥാനങ്ങളും, ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല. |

മറ്റ് സർവ്വകലാശാലകളിൽ ഉള്ളതു പോലെ സിൻഡിക്കേറ്റ്, സെനറ്റ് എന്നിവ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഇല്ല. പകരം ഗവേണിംഗ് ബോഡി, നിർവ്വാഹക സമിതി എന്നിവയാണുള്ളത്.

(സി) സർവ്വകലാശാലയിൽ വ്യവസായികൾക്ക് ഏത് തരത്തിലുള്ള പങ്കാളിത്തമാണ് നൽകിയിട്ടുള്ളത് ;

(സി) ബോർഡ് ഓഫ് ഗവർണേഴ്സിൽ സർക്കാർ ശിപാർശയിൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആയിരം കോടി രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഒരു ബഹുരാഷ്ട്ര കമ്പനിയിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ റാങ്കിൽ കുറയാതെയുള്ള പ്രഗത്ഭനായ ഒരു വ്യവസായിയേയും, അക്കാദമിക് സമിതിയിൽ സർക്കാർ ശിപാർശയിൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പ്രഗത്ഭരായ വ്യവസായികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആയത് സർവ്വകലാശാലയുടെ പ്രവർത്തനത്തെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

(ഡി) പഠനത്തിനും ഗവേഷണത്തിനും മുൻതൂക്കം കൊടുത്തുകൊണ്ട് പ്രവർത്തിയ്ക്കാൻ ഉദ്ദേശിക്കുന്ന ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ലോകോത്തര നിലവാരമുള്ള വ്യവസായികളുടെ സാന്നിദ്ധ്യം വളരെയധികം ഗുണകരമായിരിക്കുമെന്നു കരുതുന്നു.

*സെക്ഷൻ ഓഫീസർ*